പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2186** 17-2-2016 ൽ മറുപടിക്ക്

## സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായത്തിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ജി.സുധാകരൻ**<br>**ഡോ.കെ.ടി.ജലീൽ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**ശ്രീ.കെ.ദാസൻ** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) അഴിമതിയും കെടുകാര്യസ്ഥതയും സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായത്തെ എത്രത്തോളം പ്രതിസന്ധിയിലെത്തിച്ചിട്ടുണ്ട് | (എ) ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും, പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ളത്<br><br>വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, കുറഞ്ഞ ഇറക്കുമതി ചുങ്കം മൂലം വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) വൈദഗ്ദ്ധ്യമില്ലാത്തവരെ പൊതുമേഖലകളുടെ തലപ്പത്ത് കൊണ്ടുവന്നിട്ടുണ്ടോ ;ആയത് വ്യവസായ സ്ഥാപനങ്ങളുടെ പുരോഗതിക്ക് വിഘാതമായിട്ടുണ്ടോ ; | (ബി) ഇല്ല |

| | | | |
|---|---|---|---|
| (സി) | വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുമ്പോൾ അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ടോ; ഇതിന്റെ അഭാവം ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുമ്പോൾ അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ